3116
9/2/18

കേരള സർക്കാർ

## സംഗ്രഹം

വനം വന്യജീവി വകുപ്പ്-അച്ചൻകോവിൽ ഡിവിഷൻ - കാനയാർ റെയിഞ്ച്-ശ്രീ.വി.എ.മോഹനൻ, റെയിഞ്ച് ഓഫീസർ (റിട്ട.)ക്കെതിരായ അച്ചടക്ക നടപടിയിൽ നിന്നും ടിയാനെ കുറ്റവിമുക്തനാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനം വന്യജീവി (എ) വകുപ്പ്

സ.ഉ.(സാധാ) നം.455/2017/വനം തീയതി, തിരുവനന്തപുരം 23.11.2017

---

പരാമർശം :- 1) 15.10.2013 ലെ ഡി&പി വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ ബി2-26196/2010 നമ്പർ കത്ത്.

2) 04.01.2014 ലെ 3392/എ 1/2011/വനം നമ്പർ കുറ്റപത്രവും/ കുറ്റാരോപണ പത്രികയും, കാരണം കാണിക്കൽ നോട്ടീസും.

3) 21.10.2015 ലെ സ.ഉ.(സാധാ) നം.467/2015/വനം ഉത്തരവ്.

4) 24.11.2015 ലെ സ.ഉ.(സാധാ) നം.512/2015/വനം ഉത്തരവ്.

5) 08.01.2016 ലെ സ.ഉ.(സാധാ) നം.01/2016/വനം ഉത്തരവ്.

6) ശെന്തുരുണി വൈൽഡ് ലൈഫ് വാർഡനും അന്വേഷണ അധികാരിയുമായ ശ്രീ.എ.ഷാനവാസിന്റെ 11.04.2017 ലെ എസ്ഡി2-1251/16 നമ്പർ അന്വേഷണ റിപ്പോർട്ട്.

7) 22.07.2017 ലെ ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ ബി2-26196/2010 നമ്പർ കത്ത്.

## ഉത്തരവ്

അച്ചൻകോവിൽ ഡിവിഷനിലെ കാനയാർ റെയിഞ്ചിൽ രജിസ്റ്റർ ചെയ്ത ഒ.ആർ.1/97 നമ്പർ കേസ്സിൽ കുറ്റക്കാരായ ഉദ്യോഗസ്ഥർക്കെതിരെ യഥാസമയം അച്ചടക്ക നടപടി സ്വീകരിക്കുന്നതിന് കാലതാമസം വരുത്തിയതിന് പരാമർശം (1)ലെ ശുപാർശ പ്രകാരം കാനയാർ റെയിഞ്ച് ഓഫീസർമാർ ആയിരുന്ന സർവ്വശ്രീ.വി.എ.മോഹനൻ, എൻ.എസ്.ഗിരീഷ് ബാബു, റ്റി.എസ്.അശോകൻ എന്നിവർക്ക് കുറ്റപത്രവും കുറ്റാരോപണ പത്രികയും, ശ്രീ.കെ.വിജയൻ, സീനിയർ ക്ലാർക്ക് (റിട്ട)-ന് കാരണം കാണിക്കൽ നോട്ടീസും പരാമർശം (2) പ്രകാരം സർക്കാർ തലത്തിൽ നൽകി അച്ചടക്ക നടപടി ആരംഭിച്ചു.

2) സർവ്വശ്രീ.വി.എ.മോഹനൻ, എൻ.എസ്.ഗിരീഷ് ബാബു, റ്റി.എസ്.അശോകൻ എന്നിവർക്കെതിരെയുള്ള കുറ്റങ്ങൾ താഴെപ്പറയുന്നവയാണ്:

i) കാനയാർ റെയിഞ്ചിലെ വനഭാഗങ്ങളിൽ നടന്ന അനധികൃത മരംമുറിയുമായി ബന്ധപ്പെട്ട് പുനലൂർ ഫ്ലൈയിംഗ് സ്ക്വാഡ് തയ്യാറാക്കിയ മഹസ്സർ പ്രകാരം 20-2-1997-ൽ രജിസ്റ്റർ ചെയ്ത ഒ.ആർ.1/97 നമ്പർ കേസ്സിൽ ഉൾപ്പെട്ടിട്ടുള്ള ഉത്തരവാദികളായ ജീവനക്കാർക്കെതിരെ യഥാസമയം അച്ചടക്കനടപടികൾ സ്വീകരിക്കുന്നതിനുവേണ്ടി സഹായകമാംവിധം പ്രവർത്തിക്കാതിരുന്നു.

ii) ഈ കേസ്സിൽ ഉൾപ്പെട്ടിട്ടുള്ള ഉത്തരവാദികളായ കാനയാർ റെയിഞ്ചിലെ 10 ജീവനക്കാരുടെ പേരിൽ യഥാസമയം സ്വീകരിക്കേണ്ടിയിരുന്ന അച്ചടക്കനടപടികൾ 15 വർഷക്കാലത്തോളം വൈകിപ്പിച്ചു.

ii) ഇപ്രകാരം നടപടികൾ വൈകിപ്പിച്ചതിലൂടെ ഈ കേസിൽ ഉൾപ്പെട്ട മിക്ക ജീവനക്കാർക്കും സർവ്വീസിൽ നിന്നും പെൻഷൻപറ്റി പിരിയുവാൻ ആവശ്യമായ സാഹചര്യം സൃഷ്ടിച്ചു.

iv) ഈ കേസുമായി ബന്ധപ്പെട്ട് കൊല്ലം സതേൺ സർക്കിൾ കൺസർവേറ്ററുടെ ആഫീസിലെ നിർദ്ദേശാനുസരണം അച്ചൻകോവിൽ ഡിവിഷണൽ ഫോറസ്റ്റാഫീസിൽ നിന്നും 26-7-2006-ലും തുടർന്ന് നിരവധി ഓർമ്മക്കുറിപ്പുകളിലൂടെയും ആവശ്യപ്പെട്ട ഒരു റിപ്പോർട്ട് ഏകദേശം 4 വർഷങ്ങൾക്കുശേഷം 14-9-2010-ൽ മാത്രമാണ് മേലാഫീസിൽ സമർപ്പിച്ചിട്ടുള്ളത്. ഇപ്രകാരം ആവശ്യപ്പെട്ട റിപ്പോർട്ട് യഥാസമയം സമർപ്പിക്കുന്നതിൽ വീഴ്ച വരുത്തി.

v) സർക്കാരിന്റെ സജീവ പരിഗണനയിലായിരുന്ന പ്രസ്തുത വിഷയത്തിന്മേൽ യഥാസമയം നടപടികൾ സ്വീകരിക്കുന്നതിൽ ടിയാൻമാർ ബോധപൂർവ്വമായ അനാസ്ഥയും കൃത്യവിലോപവും കാട്ടി.

3) സർവ്വശ്രീ.എൻ.എസ്.ഗിരീഷ്ബാബു, റ്റി.എസ്.അശോകൻ എന്നിവർ സമർപ്പിച്ച പ്രതിവാദ പത്രികകൾ തൃപ്തികരമായതിനാൽ ടിയാൻമാരെ കുറ്റവിമുക്തരാക്കി പരാമർശം (3) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചു. ശ്രീ.കെ.വിജയൻ സമർപ്പിച്ച വിശദീകരണം പരിശോധിച്ച് ടിയാനെതിരെയുള്ള അച്ചടക്ക നടപടി പരാമർശം (4) പ്രകാരം തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിച്ചു. പ്രതിവാദ പത്രിക സമർപ്പിക്കാത്ത ശ്രീ.വി.എ.മോഹനൻ, റെയിഞ്ച് ഓഫീസർക്കെതിരെ ഒരു ഔപചാരികാന്വേഷണം നടത്താൻ പരാമർശം (5) പ്രകാരം ഉത്തരവായി.

4) ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ പരാമർശം (6) പ്രകാരമുള്ള അന്വേഷണ റിപ്പോർട്ട് അഭിപ്രായ സഹിതം ലഭ്യമാക്കി.

5) ഔപചാരികാന്വേഷണത്തിലെ കണ്ടെത്തലുകൾ താഴെ പ്പറയുന്നവയാണ്:

<u>ചാർജ്ജ് 1</u>: ഒ.ആർ.01/97 നമ്പർ കേസിനാസ്പദമായ സംഭവം നടക്കുന്നത് 28.12.1996 ലും കേസ് ബുക്ക് ചെയ്യുന്നത് 20.02.1997 ലും ആണ്. ടി കേസ് രജിസ്റ്റർ ചെയ്ത് അഞ്ചര വർഷക്കാലത്തിന് ശേഷമാണ് നടപടി സ്വീകരിച്ചു തുടങ്ങിയത്. ഒ.ആർ.01/97 നമ്പർ കേസിനാസ്പദമായ കുറ്റകൃത്യം നടന്നതിലോ, പ്രതികൾ, തൊണ്ടികൾ എന്നിവ കണ്ടെത്തുന്നതിലോ യാതൊരു വീഴ്ചയും ടിയാന്റെ പേരിൽ ആരോപിക്കപ്പെട്ടിട്ടില്ല. ടി കേസിൽ ഉൾപ്പെട്ടിട്ടുള്ള ഉത്തരവാദികളായ ജീവനക്കാർക്കെതിരെ യഥാസമയം അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതിന് സഹായകമാം വിധം പ്രവർത്തിക്കാതിരുന്നു എന്ന ആരോപണം നിലനിൽക്കുന്നതായി കാണുന്നില്ല. കാരണം സംഭവം നടന്ന് 8 വർഷങ്ങൾക്കുശേഷം 30.05.2005 ലാണ് ടിയാൻ കാനയാർ റെയിഞ്ചിൽ, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ ആയി ചുമതലയേറ്റത്. മാത്രമല്ല ടിയാൻ ചാർജ്ജെടുക്കുന്നതിന് മുമ്പ് 2002 ൽ തന്നെ അച്ചടക്ക നടപടിയുടെ ഭാഗമായി ഒ.ആർ.01/97 നമ്പർ കേസ്സിൽ ഉൾപ്പെട്ട ഉദ്യോഗസ്ഥരുടെ പേരുവിവരം സതേൺ സർക്കിൾ കൺസർവേറ്റർക്ക് അച്ചൻകോവിൽ ഡിവിഷനിൽ നിന്നും റിപ്പോർട്ട് ചെയ്തതായി കാണുന്നു.

<u>ചാർജ്ജ് 2:-</u> സംഭവം നടന്ന് 8 വർഷത്തിനു ശേഷം ചുമതലയേറ്റ ശ്രീ.വി.എ.മോഹനൻ, ടി റെയിഞ്ചിലെ ഒ.ആർ.01/97 കേസ് രേഖപ്പെടുത്തിയ ഒഫൻസ് രജിസ്റ്ററിന്റെ പകർപ്പ് ഹാജരാക്കിയത് പരിശോധിച്ചതിൽ 21.10.2002-ൽ അച്ചടക്ക നടപടിയ്ക്ക് വിധേയരാക്കപ്പെടേണ്ട സ്റ്റാഫുകളുടെ പേരുവിവരം കൊല്ലം കൺസർവേറ്റർ ഓഫീസിൽ സമർപ്പിച്ചിട്ടുള്ളതായും, 26.05.2006 ൽ 28 പേജുള്ള കേസ് ഫയൽ അച്ചൻകോവിൽ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് സമർപ്പിച്ചിട്ടുള്ളതായും രേഖപ്പെടുത്തിയിട്ടുണ്ട്. ഒ.ആർ.01/97 നമ്പർ കേസിലെ റെയിഞ്ച് ഫയൽ ഡിവിഷനിൽ ലഭിച്ചതായും തിരികെ നൽകിയതായും രേഖകളിൽ നിന്നും വ്യക്തമാണ്. അതിനാൽ 15 വർഷത്തോളം വൈകിപ്പിച്ചുവെന്ന ആരോപണം ടിയാനെതിരെ നിലനിൽക്കുന്നതായി കാണുന്നില്ല.

<u>ചാർജ്ജ് 3:-</u> ശ്രീ.വി.എ.മോഹനൻ 30.05.2005 മുതൽ 11.06.2008 വരെ 3 വർഷക്കാലമാണ് കാനയാർ റെയിഞ്ച് ഓഫീസറായിരുന്നത്. സംഭവം നടന്ന് 8 വർഷത്തിനുശേഷം ചുമതലയേറ്റ് 3 വർഷം സേവനം നടത്തി സ്ഥലം മാറി പോയ ടിയാൻ ഉത്തരവാദിയല്ല. പെൻഷൻ പറ്റി പിരിഞ്ഞാലും നടപടി

സ്വീകരിക്കാമെന്നതിന് ഈ കേസിൽ തന്നെ ക്ലാർക്കായ ശ്രീ.കെ.വിജയനെതിരെ എടുത്ത നടപടികൾ ഉദാഹരണമാണ്. അതിനാൽ ഈ ആരോപണം ടിയാനെതിരെ നിലനിൽക്കുന്നില്ല.

ചാർജ്ജ് 4:- ഒ.ആർ.01/97 കേസുമായി ബന്ധപ്പെട്ട ഫയൽ 26.05.2006 ൽ അച്ചൻകോവിൽ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് റെയിഞ്ച് ഓഫീസർ സമർപ്പിച്ചിരുന്നു. രണ്ട് മാസത്തിന് ശേഷം 26.07.2006 ൽ എ 5-1031/97-ാം നമ്പർ കത്തിന്റെ ആമുഖത്തോടുകൂടി റെയിഞ്ചിലേയ്ക്ക് ടി ഫയൽ മടക്കി നൽകിയതായി കാണുന്നു. രണ്ട് മാസക്കാലം പ്രസ്തുത ഫയലിന്മേൽ ഡിവിഷൻ തലത്തിൽ ഉണ്ടായ നടപടി വ്യക്തമാക്കപ്പെടുന്നില്ല. 26.07.2006 ലെ കത്തിൽ, ഫയൽ മടക്കി നൽകിക്കൊണ്ട് ഡിവിഷൻ ഓഫീസിൽ നിന്ന് ആവശ്യപ്പെട്ടിട്ടുള്ളത് ഒ.ആർ.01/97 കേസ് മഹസ്സറിലെ നഷ്ടം തിട്ടപ്പെട്ടുത്തിയതിന്റെ ന്യായന്യായങ്ങൾ റിപ്പോർട്ട് ചെയ്യാനാണ്. സംഭവം നടന്ന് 8 വർഷത്തിന് ശേഷം വിജിലൻസ് തയ്യാറാക്കിയ 20.02.1997 ലെ മഹസ്സർ പുനഃപരിശോധന നടത്തി ന്യായന്യായങ്ങൾ നിശ്ചയിക്കുവാൻ, മഹസ്സർ തയ്യാറാക്കിയ വിഭാഗത്തിന് താഴെയോ, സമാനമായോ ഉള്ള ഒരു ഉദ്യോഗസ്ഥന് ആധികാരികത ചെലുത്താൻ കഴിയില്ല എന്ന് കാണുന്നു. അപ്രകാരം പുനഃപരിശോധന നടത്തണമായിരുന്നുവെങ്കിൽ മഹസ്സർ തയ്യാറാക്കിയ ഉദ്യോഗസ്ഥനേക്കാൾ ഉന്നത നിലയിലുള്ള ഒരു ഉദ്യോഗസ്ഥനെ നിയമിക്കുന്നതായിരുന്നു ഉചിതം.

അന്വേഷണ വേളയിൽ ടിയാനോട് 26.07.2006 ലെ എ 5-1031/97-ാം നമ്പർ അച്ചൻകോവിൽ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ കത്ത് പ്രകാരം എന്ത് നടപടി സ്വീകരിച്ചുവെന്നതിനെക്കുറിച്ച് ആരാഞ്ഞതിൽ ടി കത്ത് ടിയാന് ലഭിച്ചിട്ടില്ലായെന്നും അത് ശ്രദ്ധയിൽപ്പെട്ടിട്ടില്ലായെന്നും ഇപ്പോൾ എൻക്വയറിയിൽ കാണിക്കുമ്പോൾ മാത്രമാണ് അത് ഫയലിലുള്ളതായി കണ്ടതെന്നും ബോധിപ്പിച്ചു. ഫയൽ പരിശോധിച്ചതിൽ അന്നത്തെ ഓഫീസറായിരുന്ന ശ്രീ.വി.എ.മോഹനന്റെ ഒപ്പോ ഇനിഷ്യലോ കാണുന്നില്ല. ഇക്കാര്യങ്ങൾ വസ്തുതാപരമായി പരിശോധിക്കുമ്പോൾ ടിയാന്റെ വിശദീകരണം സ്വീകാര്യമാണ്.

ചാർജ്ജ് 5:- ഒന്നു മുതൽ നാല് വരെ ചാർജ്ജുകളുടെ സംക്ഷിപ്തമാണ് അഞ്ചാമത് ചാർജ്ജെന്നതിനാൽ, ഒന്നു മുതൽ നാല് വരെയുള്ള ചാർജ്ജുകൾ തെളിയിക്കപ്പെടാത്ത സാഹചര്യത്തിൽ അഞ്ചാമത്തെ ചാർജ്ജും നിലനിൽക്കുന്നതല്ല.

ഒ.ആർ.01/97 കേസിലെ അച്ചടക്ക നടപടി നേരിട്ട ജീവനക്കാരെ കുറ്റവിമുക്തരാക്കിയ സാഹചര്യത്തിലും ഒന്നുമുതൽ അഞ്ച് വരെ ചാർജ്ജുകളിന്മേലുള്ള കണ്ടെത്തലുകളുടെ അടിസ്ഥാനത്തിലും ശ്രീ.വി.എ.മോഹന

നെതിരായുള്ള കുറ്റാരോപണങ്ങൾ നിലനിൽക്കുന്നതായി കാണുന്നില്ല, കൂടാതെ എൻക്വയറി വേളയിൽ, ടിയാൻ കുറ്റപത്രത്തിന് സമർപ്പിച്ച പ്രതിവാദ പത്രിക സമക്ഷത്തിൽ ലഭ്യമായോ എന്ന സംഗതി ആരായുന്നതിനും മറ്റു തടസ്സമായത് ടിയാന്റെ ഭാര്യയ്ക്ക് 29.10.2014 ൽ സംഭവിച്ച വാഹനാപകടമാണെന്ന് ബോധിപ്പിച്ചിട്ടുണ്ട്.

കുറ്റാരോപണ വിധേയനോടൊപ്പം അച്ചടക്ക നടപടി നേരിട്ട കാനയാർ റെയിഞ്ച് ഓഫീസർമാരായി പ്രവർത്തിച്ചിരുന്ന ശ്രീ.എൻ.എസ്.ഗിരീഷ് ബാബു, ശ്രീ.റ്റി.എസ്.അശോകൻ എന്നിവരെ കുറ്റവിമുക്തരാക്കി ഉത്തരവായിട്ടുള്ളതാണ്. ശ്രീ.വി.എ.മോഹനൻ റെയിഞ്ച് ഓഫീസറായി ചാർജെടുക്കുന്നതിനു മുമ്പ് തന്നെ അച്ചടക്ക നടപടിയുമായി ബന്ധപ്പെട്ട നടപടികൾക്ക് തുടക്കം കുറിച്ചതായും ടിയാൻ റെയിഞ്ച് ഓഫീസറായി ജോലി ചെയ്ത കാലയളവിൽ ഒ.ആർ.01/97 നമ്പർ കേസിനാസ്പദമായ റെയിഞ്ച് ഫയൽ അച്ചൻകോവിൽ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ പരിശോധനയ്ക്ക് വിധേയമായിട്ടുണ്ടെന്നും ഔപചാരികാന്വേഷണത്തിൽ ബോധ്യപ്പെട്ടിട്ടുള്ളതിനാലും അന്വേഷണത്തിലെ കണ്ടെത്തലുകളുടെ വെളിച്ചത്തിലും ശ്രീ.വി.എ.മോഹനൻ, റെയിഞ്ച് ഫോറസ്റ്റ് ഓഫീസറെ കുറ്റവിമുക്തനാക്കിക്കൊണ്ട് ടിയാനെതിരെയുള്ള അച്ചടക്ക നടപടി തീർപ്പാക്കാവുന്നതാണെന്ന് അന്വേഷണാധികാരി ശുപാർശ ചെയ്യുകയുണ്ടായി.

6) അന്വേഷണ റിപ്പോർട്ട് അംഗീകരിക്കാവുന്നതാണെന്നും അന്വേഷണാധികാരിയുടെ കണ്ടെത്തലുകളും ശുപാർശയും അംഗീകരിച്ച് കുറ്റാരോപിതനായ ശ്രീ.വി.എ.മോഹനനെതിരായ അച്ചടക്ക നടപടി ഉപേക്ഷിക്കുന്നതിനും ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ പരാമർശം (7) പ്രകാരം ശുപാർശ ചെയ്യുകയുണ്ടായി.

7) സർക്കാർ മേൽ വിഷയം വിശദമായി പരിശോധിച്ചു. ശ്രീ.വി.എ.മോഹനൻ, റെയിഞ്ച് ഓഫീസറായി കാനയാർ റെയിഞ്ചിൽ ചാർജെടുക്കുന്നതിനു മുമ്പ് തന്നെ അച്ചടക്ക നടപടികൾക്ക് തുടക്കം കുറിച്ചതായും ടിയാൻ റെയിഞ്ച് ഓഫീസറായി ജോലി ചെയ്ത കാലയളവിൽ ഒ.ആർ.01/97 നമ്പർ കേസിനാസ്പദമായ റെയിഞ്ച് ഫയൽ അച്ചൻകോവിൽ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുള്ളതായും അന്വേഷണത്തിൽ തെളിഞ്ഞിട്ടുണ്ട്.

8) ശ്രീ.വി.എ.മോഹനന് 1960 ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും, നിയന്ത്രണവും, അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം കഠിനശിക്ഷയ്ക്കുള്ള കുറ്റപത്രമാണ് നൽകിയിരുന്നത്. കുറ്റപത്രത്തിന് ടിയാൻ പ്രതിവാദ പത്രിക സമർപ്പിക്കുകയുണ്ടായില്ല, ടിയാന് നിരപരാധിത്വം തെളിയിക്കുന്നതിന് ഒരു അവസരം നൽകുന്നതിനും ടി വിഷയത്തിൽ കൂടുതൽ

തെളിവുകൾ ശേഖരിക്കുന്നതിനുമായിട്ടാണ് ഔപചാരിക അന്വേഷണത്തിനുത്തരവായത്. അതിനാൽ ഔപചാരിക അന്വേഷണത്തിൽ ടിയാനെതിരെയുള്ള ചാർജ്ജുകൾ നിലനിൽക്കുന്നതല്ലെന്ന കണ്ടെത്തലുകളോടും, അതിന്മേലുള്ള ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്ററിന്റെ അഭിപ്രായത്തോടും യോജിച്ചുകൊണ്ട് റിട്ടയേർഡ് റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ ശ്രീ.വി.എ.മോഹനനെതിരെ പരാമർശം (2) പ്രകാരം ആരംഭിച്ച അച്ചടക്ക നടപടിയിൽ നിന്നും ടിയാനെ കുറ്റവിമുക്തനാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ജെയിംസ് വർഗ്ഗീസ്

അഡീഷണൽ ചീഫ് സെക്രട്ടറി

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം)

ശ്രീ.വി.എ.മോഹനൻ, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ (റിട്ട)

(ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) കേരള, തിരുവനന്തപുരം

പൊതുജന വിവര സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ